 എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

**സൂക്തം: 47 – 49**

തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വാഹകർക്ക് ഖുർആനിന്റെ ദൈവികത മറ്റൊരു വിധത്തിൽ കൂടി തെളിയുന്നുണ്ട്. അവരുടെ കൈവശമുള്ള വേദം പഠിപ്പിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ തന്നെയാണ് ഖുർആനും പഠിപ്പിക്കുന്നത്. അവയിലെ അപൂർണതകളെ ഇത് പൂർണമാക്കുന്നു. അവയിൽനിന്ന് മറഞ്ഞുപോയതിനെ വീണ്ടും തെളിയിച്ചു കാട്ടുന്നു.



وَكَذَٰلِكَ أَنزَلْنَا إِلَيْكَ الْكِتَابَ ۚ فَالَّذِينَ آتَيْنَاهُمُ الْكِتَابَ
يُؤْمِنُونَ بِهِ ۖ وَمِنْ هَٰؤُلَاءِ مَن يُؤْمِنُ بِهِ ۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا
الْكَافِرُونَ ﴿٤٧﴾

47. അതേപ്രകാരം നാം നിനക്ക് ഈ വേദം അവതരിപ്പിച്ചുതന്നിരിക്കുകയാകുന്നു. ആകയാൽ നാം നേരത്തേ വേദം നൽകിയിട്ടുള്ളവർ ഇതിൽ വിശ്വസിക്കുന്നു. ഈ ജനത്തിലും വളരെപ്പേർ വിശ്വസിക്കുന്നുണ്ട്. സത്യധർമങ്ങൾ നിഷേധിക്കുന്നവർ മാത്രമേ നമ്മുടെ സൂക്തങ്ങൾ തള്ളിക്കളയുകയുള്ളൂ.

**47**

وَكَذَٰلِكَ = അപ്രകാരം أَنزَلْنَا إِلَيْكَ = നാം നിനക്ക് ഇറക്കി (അവതരിപ്പിച്ചു തന്നിരിക്കുകയാകുന്നു)

الْكِتَابَ = ഈ വേദം فَالَّذِينَ آتَيْنَاهُمُ الْكِتَابَ = ആകയാൽ നാം (നേരത്തേ) വേദം നൽകിയിട്ടുള്ളവർ

يُؤْمِنُونَ بِهِ = അവർ അതിൽ വിശ്വസിക്കുന്നു وَمِنْ هَٰؤُلَاءِ = ഈ കൂട്ടരിൽനിന്നും (ഈ ജനത്തിലും)

مَن = ചിലർ (വളരെപ്പേർ) يُؤْمِنُ بِهِ = അതിൽ വിശ്വസിക്കുന്നു(ണ്ട്)

وَمَا يَجْحَدُ بِآيَاتِنَا = നമ്മുടെ സൂക്തങ്ങൾ തള്ളിക്കളയുകയില്ല(കളയുകയുള്ളൂ)

إِلَّا الْكَافِرُونَ = (സത്യധർമങ്ങൾ) നിഷേധിക്കുന്നവർ അല്ലാതെ (മാത്രമേ)

അപ്രകാരം, അതായത് പ്രപഞ്ചസൃഷ്ടിയുടെ അടിസ്ഥാന തത്ത്വങ്ങളും മനുഷ്യർക്ക് സത്യത്തിലും ധർമത്തിലും നീതിയിലും അധിഷ്ഠിതമായ ജീവിതം നയിക്കാനാവശ്യമായ നിയമങ്ങളുമുൾക്കൊള്ളുന്ന വേദഗ്രന്ഥങ്ങൾ മുൻ പ്രവാചകന്മാർക്ക് അവതരിപ്പിച്ചുകൊടുത്തതുപോലെ ഇപ്പോൾ അല്ലാഹു ഈ പ്രവാചകന്നും അതേ തത്ത്വങ്ങളും നിയമങ്ങളും ഉൾക്കൊള്ളുന്ന ഒരു വേദം അവതരിപ്പിച്ചുകൊടുത്തിരിക്കുന്നു. ലോകത്താദ്യമായി ഈ ഖുർആൻ മാത്രം അവതരിപ്പിക്കുന്നതല്ല ഇതിലുള്ള അടിസ്ഥാന തത്ത്വങ്ങളും മൗലിക ധർമശാസനകളും. ആദിപിതാവ് ആദം (അ) മുതൽ അന്ത്യപ്രവാചകൻ വരെ എല്ലാ പ്രവാചകന്മാരും ദൈവിക വേദങ്ങളും പഠിപ്പിച്ചു പോന്നിട്ടുള്ളതുതന്നെയാണ് ഇതിലെ അടിസ്ഥാന തത്ത്വങ്ങളും മൗലിക ശാസനകളും. ഈ വേദം പ്രബോധനം ചെയ്യുന്ന ധർമവ്യവസ്ഥ തന്നെയാണ് പൂർവ പ്രവാചകന്മാരും പ്രബോധനം ചെയ്തത്. പക്ഷേ പ്രവാചകന്മാരുടെ പിൻഗാമികൾ അവയിൽ പലതും മറന്നുപോയി. അല്ലെങ്കിൽ ഇഛാനുസാരം ഭേദഗതി ചെയ്തു. കാലാന്തരത്തിൽ യഥാർഥ ധർമം മാഞ്ഞുപോയി, പകരം കൃത്രിമ ധർമവ്യവസ്ഥ സ്ഥലം പിടിച്ചു. ഇപ്പോൾ അല്ലാഹു അവന്റെ യഥാർഥ ധർമ സംഹിത ഈ വേദത്തിലൂടെ, ഈ ദൈവദൂതൻ മുഖേന വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്; ദൈവദാസന്മാർക്ക് ദൈവിക സന്മാർഗം അപ്രാപ്യമാവാതിരിക്കാൻ.

الَّذِينَ آتَيْنَاهُمُ الْكِتَابَ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് വൈദിക മതവിഭാഗങ്ങളെ മൊത്തത്തിലല്ല. വേദങ്ങൾ നിഷ്കളങ്കമായി വിശ്വസിക്കുകയും കഴിവിന്റെ പരമാവധി ആചരിക്കുകയും ചെയ്യുന്ന വേദവിശ്വാസികൾ മാത്രമാണുദ്ദേശ്യം. അത്തരക്കാരെ കുറിക്കാനാണ് ഖുർആൻ അധികവും الَّذِينَ آتَيْنَاهُمُ الْكِتَابَ എന്നു പറയാറുള്ളത്. അവർ ഈ വേദത്തെ പരിചയപ്പെടാനിടയായാൽ നിസ്സങ്കോചം വിശ്വസിക്കും. കാരണം തങ്ങളുടെ വേദം പ്രവചിക്കുന്ന പ്രവാചകന്റെ ലക്ഷണങ്ങളെല്ലാം ഈ പ്രവാചകനിൽ വെളിപ്പെടുന്നതായി അവർ കാണുന്നു. പ്രവാചക ശിഷ്യന്മാരായ സൽമാനുൽ ഫാരിസി(റ)യും അബ്ദുല്ലാഹിബ്നു സലാമും (റ) ഒക്കെ അങ്ങനെ ഇസ്ലാം സ്വീകരിച്ചവരാണ്. സൽമാൻ ക്രിസ്ത്യാനിയും ഇബ്നു സലാം യഹൂദനുമായിരുന്നു.

هَٰؤُلَاءِ (ഇക്കൂട്ടർ, ഈ ജനം) എന്നു പറഞ്ഞത് വേദവിശ്വാസികളല്ലാത്ത അറബികളെ ഉദ്ദേശിച്ചാണ്. അവരിലും ധാരാളമാളുകൾ ഈ വേദം പഠിപ്പിക്കുന്ന അടിസ്ഥാനാദർശങ്ങളും സുവ്യക്തമായ ധർമശാസനകളും മുൻവിധികളില്ലാതെ നിഷ്കളങ്കരായി കേൾക്കുമ്പോൾ ഇത് ദൈവിക സൂക്തങ്ങളാണെന്ന് ബോധ്യപ്പെട്ട് വിശ്വസിക്കാനും അനുസരിക്കാനും മുന്നോട്ടുവരുന്നു. മക്കീ സമൂഹത്തിൽനിന്ന് ധാരാളമാളുകൾ ഇസ്ലാം സ്വീകരിച്ചതങ്ങനെയാണ്. എന്നാൽ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും മൂല്യമുക്തമായി സ്വേഛാനുസാരം ചരിക്കുന്നതിനും വേണ്ടി സത്യധർമങ്ങൾ നിഷേധിക്കുന്നവർ ഈ ഖുർആനിൽ വിശ്വസിക്കാൻ തയാറാവുകയില്ല. എന്നല്ല അത്തരക്കാർ ഈ ഖുർആനിനെ മനപ്പൂർവം നിഷേധിക്കുന്നവരാകുന്നു. വിഗ്രഹ മതങ്ങളിലും വൈദിക മതങ്ങളിലും ഏറെയുള്ളത് അത്തരക്കാരാകുന്നു. ദൈവഭക്തിയും സത്യസന്ധതയും ധർമബോധവുമെല്ലാം ആസക്തികൾക്ക് അടിയറവ് വെച്ചതിനാൽ ഖുർആൻ ദൈവിക സൂക്തങ്ങളാണെന്നറിഞ്ഞിട്ടും നിഷേധിക്കുകയാണവർ.

وَمَا يَجْحَدُ بِآيَاتِنَا إِلَّا الْكَافِرُونَ. جُحْد -ഉം كفر -ഉം പര്യായപദങ്ങളാണ്. -ന്റെ ഭാഷാർഥം 'നിഷേധിക്കുന്നവരല്ലാതെ നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുകയില്ല' എന്നാകുന്നു. ഇവിടെ രണ്ടു പദങ്ങളും കുറിക്കുന്നത് വ്യത്യസ്ത നിഷേധങ്ങളെയാണ്. ആദ്യത്തേത് ദൈവിക സൂക്തങ്ങളെയാണെങ്കിൽ രണ്ടാമത്തേത് ദൈവത്തെയും സനാതന മൂല്യങ്ങളെയും മൊത്തത്തിലാണ്. ●

---

وَمَا كُنتَ تَتْلُو مِن قَبْلِهِ مِن كِتَابٍ وَلَا تَخُطُّهُ بِيَمِينِكَ ۖ إِذًا لَّارْتَابَ الْمُبْطِلُونَ ﴿٤٨﴾

48. ഖുർആൻ ലഭിക്കുന്നതിനു മുമ്പ് നീ ഒരു പുസ്തകവും വായിച്ചുകേൾപ്പിച്ചിരുന്നില്ല. നിന്റെ കരം കൊണ്ട് ഒരു പുസ്തകവും എഴുതിയിരുന്നുമില്ല. അങ്ങനെ വല്ല ചരിത്രവും ഉണ്ടായിരുന്നുവെങ്കിൽ ഈ വേദത്തെ അസാധുവാക്കുന്നവർക്ക് സന്ദേഹിക്കാമായിരുന്നു.

**48**

وَمَا كُنتَ تَتْلُو = നീ വായിച്ചു കേൾപ്പിച്ചിരുന്നില്ല مِن قَبْلِهِ = ഇതിനു മുമ്പ് مِن كِتَابٍ = ഒരു പുസ്തകവും
وَلَا تَخُطُّهُ بِيَمِينِكَ = നിന്റെ വലതു കരംകൊണ്ട് അതിനെ (ഒരു പുസ്തകവും) എഴുതിയിരുന്നുമില്ല
إِذًا = എ(അങ്ങനെ വല്ല ചരിത്രവും ഉണ്ടായിരുന്നുവെ)ങ്കിൽ لَّارْتَابَ = സന്ദേഹി(ക്കാമായിരുന്നു)ച്ചതുതന്നെ
الْمُبْطِلُونَ = (ഈ വേദത്തെ) അസാധുവാക്കുന്നവർ(ക്ക്), പൊളിക്കുന്നവർക്ക്

تلا -യുടെ വർത്തമാന ക്രിയാ രൂപമാണ് تَتْلُو. പാരായണം ചെയ്യുന്നതിനും പിന്തുടരുന്നതിനും تلا ഉപയോഗിക്കും. പാരായണം ചെയ്യുക എന്ന تلا -യുടെ ക്രിയാ മൂലം تلاوة. പിന്തുടരുക എന്നതിനുള്ള تلا -യുടെ മൂലം تُلُوّ -ആണ്. ഖണ്ഡിക്കുക, അസാധുവാക്കുക, റദ്ദാക്കുക, നിഷ്ഫലമാക്കുക തുടങ്ങിയ ആശയങ്ങളിലുള്ള إِبْطال -ന്റെ ബഹുവചന കർതൃവാചിയാണ് مُبْطِلُونَ. സംശയിക്കലും ശങ്കിക്കലുമാണ് رَيْب -ഉം اِرْتِياب ഉം. അതിൽനിന്നുള്ള ഭൂതകാല ക്രിയാ രൂപമാണ് اِرْتَابَ മനസ്സിൽ അസ്വസ്ഥതയും ആശങ്കയുമുളവാക്കുന്ന സന്ദേഹത്തെ കുറിക്കാനാണ് ഈ പദം ഉപയോഗിക്കാറുള്ളത്. കാലവിപത്തുകളെ സംബന്ധിച്ച ഉത്കണ്ഠ ريب الدهر ആകുന്നു. ريب المنون ജീവിതം അപകടത്തിലാണെന്ന ആശങ്കയാണ്. ഒരു നബിവചനത്തിൽ دَعْ مَا يُرِيبُكَ إِلَى مَا لَا يُرِيبُكَ -'മനസ്സിൽ അസ്വസ്ഥതയുണ്ടാകുന്നതുപേക്ഷിച്ച് അസ്വസ്ഥത തോന്നാത്തത് സ്വീകരിക്കുക' എന്നു പറയുന്നുണ്ട്. ജനമനസ്സിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിനെയാണ് ഇവിടെ اِرْتِياب കൊണ്ട് ഉദ്ദേശിക്കുന്നത്. മുഹമ്മദി(സ)ന്റെ പ്രവാചകത്വവാദം വ്യാജമാണെന്നും ഖുർആൻ അദ്ദേഹത്തിന്റെ രചനയാണെന്നും പ്രചരിപ്പിച്ച് ആളുകളെ ആശയക്കുഴപ്പത്തിലാക്കാൻ ശ്രമിച്ചിരുന്ന അവിശ്വാസികൾക്കെതിരെ ശക്തമായ എതിർതെളിവ് ചൂണ്ടിക്കാണിക്കുകയാണ്.

മുഹമ്മദ് (സ) പെട്ടെന്നൊരു നാൾ നിങ്ങൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ട് ഞാൻ ദൈവദൂതനാണെന്ന് വാദിച്ചതല്ല. അദ്ദേഹം കഴിഞ്ഞ നാൽപതിലേറെ സംവത്സരങ്ങളായി നിങ്ങൾക്കിടയിൽ തന്നെ ജീവിക്കുന്ന മനുഷ്യനാണ്. ഈ പ്രായം വരെ അദ്ദേഹം എഴുതാനോ വായിക്കാനോ പഠിച്ചിട്ടില്ലെന്ന് നിങ്ങൾക്കറിയാം. അദ്ദേഹം യാതൊന്നും എഴുതിയതായി നിങ്ങൾ കണ്ടിട്ടുമില്ല. ദൈവിക സൂക്തങ്ങൾ എന്ന പേരിൽ ഒരു പുസ്തകം നിങ്ങളുടെ മുന്നിൽ വായിച്ചിട്ടുമില്ല. അദ്ദേഹം അത്യന്തം സത്യസന്ധനും വിശ്വസ്തനുമാണെന്ന് ഇക്കാലമത്രയും നിങ്ങളൊക്കെയും സാക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നതുമാണ്. നേരത്തേ എഴുത്തും വായനയും അറിയാമായിരുന്നുവെങ്കിൽ, അസാധാരണ ശ്ലോകങ്ങൾ രചിക്കുന്ന ശീലമുണ്ടായിരുന്നുവെങ്കിൽ, ദൈവബന്ധവും ദിവ്യശക്തികളും അവകാശപ്പെട്ടിരുന്നുവെങ്കിൽ, സത്യത്തിനും ധർമത്തിനും നിരക്കാത്ത കാര്യങ്ങൾ ചെ

യ്യാറുണ്ടായിരുന്നുവെങ്കിൽ ഒക്കെ അതിന്റെ തുടർച്ചയാണീ പ്രവാചകത്വവും വേദസൂക്തങ്ങളും എന്ന് സന്ദേഹമുയർത്തി നിങ്ങൾ ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നതിനും അദ്ദേഹത്തിന്റെ വാദങ്ങളെ പൊളിക്കാൻ ശ്രമിക്കുന്നതിനും ന്യായമുണ്ടാകുമായിരുന്നു. നിങ്ങൾക്കിടയിൽ ജീവിച്ചുവന്ന ഈ മനുഷ്യനിൽനിന്ന് ഇന്നോളം അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെങ്കിൽ പെട്ടെന്ന് അദ്ദേഹത്തിൽ ഈ ഭൗതികവും അഭൗതികവുമായ വിജ്ഞാനങ്ങളൊക്കെ വന്നുചേർന്നതെങ്ങനെ എന്ന് ആലോചിച്ചുനോക്കാത്തതെന്തേ? 10:16-ൽ ഇക്കാര്യം ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നു:

قُل لَّوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا أَدْرَاكُم بِهِۖ فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّن قَبْلِهِۚ
أَفَلَا تَعْقِلُونَ

(പ്രവാചകൻ പറയുക: അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ ഞാൻ ഈ ഖുർആൻ നിങ്ങൾക്ക് ഓതിത്തരുമായിരുന്നില്ല. ഇതേപ്പറ്റി നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു. ഇതിനു മുമ്പ് കുറേ കൊല്ലങ്ങൾ ഞാൻ നിങ്ങൾക്കിടയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ. നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കുന്നില്ലയോ?).

തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വാഹകർക്ക് ഖുർആനിന്റെ ദൈവികത മറ്റൊരു വിധത്തിൽ കൂടി തെളിയുന്നുണ്ട്. അവരുടെ കൈവശമുള്ള വേദം പഠിപ്പിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ തന്നെയാണ് ഖുർആനും പഠിപ്പിക്കുന്നത്. അവയിലെ അപൂർണതകളെ ഇത് പൂർണമാക്കുന്നു. അവയിൽനിന്ന് മറഞ്ഞുപോയതിനെ വീണ്ടും തെളിയിച്ചു കാട്ടുന്നു. അതുകൊണ്ട് അവർ ആലോചിച്ചുനോക്കേണ്ടതുണ്ട്; നൂഹ്, ഇബ്റാഹീം മുതൽ മൂസാ-ഈസാ വരെയുള്ള സകല പ്രവാചകന്മാരുടെയും ജ്ഞാന ഖജനാവുകൾ പൂർവ വേദങ്ങളൊന്നും വായിച്ചിട്ടില്ലാത്ത, വായിക്കാനും പകർത്തിയെഴുതാനും അറിയാത്ത നിരക്ഷരനായ ഒരു വ്യക്തിയിൽ അവതരിച്ചതെങ്ങനെയെന്ന്?

ഈ സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് താബിഈ പണ്ഡിതൻ മുജാഹിദ് പറയുന്നു: മുഹമ്മദി(സ)ന് എഴുത്തും വായനയും അറിയില്ലെന്ന് വേദക്കാർ അവരുടെ വേദങ്ങളിൽ കണ്ടിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് അവരുമായുള്ള സംവാദം പരാമർശിക്കുന്ന സൂക്തത്തോടൊപ്പം ഈ സൂക്തം അവതരിച്ചത്. മറ്റൊരു പണ്ഡിതനായ നുഹാസ് പ്രസ്താവിച്ചു: മുഹമ്മദി(സ)ന് എഴുത്തും വായനയും അറിഞ്ഞുകൂടാത്തതും വേദക്കാരുമായി സമ്പർക്കമില്ലാത്തതും ഖുറൈശികൾക്കെതിരായ തെളിവാകുന്നു. അക്കാലത്ത് മക്കയിൽ വേദക്കാരുണ്ടായിരുന്നില്ല; പ്രവാചകന്മാരുടെയും പൂർവ സമുദായങ്ങളുടെയും വൃത്താന്തങ്ങൾക്ക് അദ്ദേഹം അവരെ സമീപിക്കാൻ.

അന്ത്യപ്രവാചകന്റെ അക്ഷരജ്ഞാനം ഇക്കാലത്തും ചിലയാളുകൾ ചർച്ച ചെയ്യാറുണ്ട്. നിരക്ഷര സമൂഹത്തിൽ (امّيّون) ജനിച്ചുവളർന്ന ആളാണെങ്കിലും അദ്ദേഹം എഴുത്തും വായനയും വശമാക്കിയിരുന്നു എന്നാണ് ഒരു പക്ഷം. ഈ പക്ഷത്ത് രണ്ടു തരക്കാരുണ്ട്. പ്രവാചകന് അക്ഷരജ്ഞാനമുണ്ടായിരുന്നില്ലെന്ന് വരുന്നത് അദ്ദേഹത്തിന്റെ മഹത്വത്തിന് കോട്ടമാകും എന്ന് കരുതി അദ്ദേഹത്തെ അക്ഷരജ്ഞാനിയാക്കുകയാണ് ചിലർ. അവരുടെ വീക്ഷണത്തിൽ, പ്രവാചകന് അക്ഷരജ്ഞാനം ഉണ്ടായിരുന്നു. പക്ഷേ എഴുതുകയും വായിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നില്ല. ഇനി അക്ഷരജ്ഞാനം ഉണ്ടായിരുന്നില്ലെങ്കിൽ തന്നെ അത് പ്രവാചകത്വത്തിന് മുമ്പായിരുന്നു. പ്രവാചകത്വം ലഭിച്ചതോടെ എഴുത്തും വായനയും അഭ്യസിച്ചു. സൂക്തത്തിലെ مِن قَبْلِهِ (അതിനു മുമ്പ്) എന്നതുകൊണ്ട് ഉദ്ദേശ്യം പ്രവാചകത്വത്തിനു മുമ്പ് എന്നാണ്. കൂടാതെ ഹുദൈബിയാ സന്ധി തയാറാക്കുമ്പോൾ പ്രവാചകൻ അതിലെ ചില വാക്കുകൾ മായ്ക്കുകയും പകരം വേറെ എഴുതിച്ചേർക്കുകയും ചെയ്തിട്ടുണ്ടെന്നും അവർ വാദിക്കുന്നു. നഖാശി എന്ന പണ്ഡിതൻ പറഞ്ഞു: എഴുതുകയും വായിക്കുകയും ചെയ്യുന്നതുവരെ നബി (സ) മരിച്ചിട്ടില്ലെന്ന് ശഅബി പറഞ്ഞിരിക്കുന്നു. നബി (സ) ഉയൈയ്ന ബ്നു ഹിസ്നിന് ഒരു ഏട് വായിച്ച് അതിന്റെ അർഥം പറഞ്ഞുകൊടുത്തതായും ഒരു നിവേദനമുണ്ട്. ഈ നിവേദനങ്ങളെല്ലാം തീരെ ദുർബലങ്ങളാണെന്ന് ഖുർത്വുബിയും ഇബ്നു അത്വിയ്യയും സമർഥിച്ചിരിക്കുന്നു. ഖുർത്വുബി പറയുന്നു: നബി(സ) ഒരക്ഷരം പോലും എഴുതുകയോ വായിക്കുകയോ ചെയ്തിട്ടില്ല എന്നതാകുന്നു സാധുവായ പ്രമാണം. എഴുതാനും വായിക്കാനും അദ്ദേഹം മറ്റുള്ളവരോട് ആവശ്യപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പ്രവാചകൻ എഴുതുകയും വായിക്കുകയും ചെയ്തിട്ടില്ലെന്ന് ഈ സൂക്തത്തിൽ പറഞ്ഞതും 7:157-ൽ നിരക്ഷര പ്രവാചകനായ ദൈവദൂതൻ- الرَّسُولَ النَّبِيَّ الْأُمِّيَّ എന്ന് പറഞ്ഞതും സത്യമല്ലെന്ന് സ്ഥാപിക്കലാണ് മുഹമ്മദ് നബിയെ അക്ഷരജ്ഞാനിയാക്കുന്ന രണ്ടാമത്തെ പക്ഷത്തിന്റെ ലക്ഷ്യം. ഈ രണ്ടു പക്ഷവും സുപ്രധാനമായ ഒരു സംഗതി അവഗണിക്കുന്നു. ഖുർആൻ പ്രവാചകന്റെ നിരക്ഷരത ഉന്നയിക്കുന്നത് ഖുർആൻ അദ്ദേഹം സ്വയം എഴുതിയുണ്ടാക്കിയതോ മറ്റേതോ ഗ്രന്ഥങ്ങളിൽനിന്ന് പകർത്തിയെഴുതിയതോ ആണ് എന്ന നിഷേധികളുടെ വാദത്തെ ഖണ്ഡിക്കുന്ന സുവ്യക്തമായ തെളിവായിട്ടാണ്. പ്രവാചകൻ യഥാർഥത്തിൽ സാക്ഷരനായിരുന്നുവെങ്കിൽ പ്രതിയോഗികൾ ഈ തെളിവിനെ മറ്റു തെളിവ് ഹാജരാക്കി പൊളിക്കാതിരിക്കുകയില്ല, അല്ല മുഹമ്മദ് എഴുത്തും വായനയും പഠിച്ചിട്ടുണ്ട്, ഇന്നതൊക്കെ എഴുതിയിട്ടുണ്ട് എന്ന് അവരാരും തർക്കിച്ചതായി കാണുന്നില്ല. നബി (സ) വഫാത്തായി എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞ ശേഷമാണ് ചിലർ അദ്ദേഹത്തെ സാക്ഷരനാക്കുന്നത്. ജ്ഞാന മാധ്യമം എന്നതാണ് അക്ഷര കലയുടെ പ്രാധാന്യം. പ്രവാചകൻ അറിയേണ്ടതും ജനങ്ങളെ അറിയിക്കേണ്ടതുമായ കാര്യങ്ങളെല്ലാം അല്ലാഹു നേരിട്ടു പഠിപ്പിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് ഈ കലയുടെ അഭാവം പ്രസക്തമാകുന്നില്ല; എന്നല്ല അത് അദ്ദേഹം വെളിപ്പെടുത്തുന്ന ജ്ഞാനങ്ങൾ ഭൗതിക മാധ്യമങ്ങളിലൂടെ ആർജിക്കുന്നതല്ല എന്നതിന്റെ തെളിവുമാകുന്നു. ●

---

بَلْ هُوَ آيَاتٌ بَيِّنَاتٌ فِي صُدُورِ الَّذِينَ أُوتُوا الْعِلْمَۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا الظَّالِمُونَ ﴿٤٩﴾

49. അല്ല, സത്യജ്ഞാനികളുടെ മനസ്സുകളിൽ അത് സുവ്യക്തമായ ദൈവിക സൂക്തങ്ങളാകുന്നു. അതിക്രമകാരികളല്ലാതെ നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുന്നില്ല.

**49**

بَلْ = അല്ല هُوَ = അത്, അവൻ آيَاتٌ بَيِّنَاتٌ = സുവ്യക്തങ്ങളായ (ദൈവിക) സൂക്തങ്ങളാകുന്നു

فِي صُدُورِ الَّذِينَ أُوتُوا الْعِلْمَ = ജ്ഞാനം നൽകപ്പെട്ടവരുടെ മാറിടങ്ങളിൽ (സത്യജ്ഞാനികളുടെ മനസ്സുകളിൽ)

وَمَا يَجْحَدُ بِآيَاتِنَا = നമ്മുടെ സൂക്തങ്ങളെ നിഷേധിക്കുന്നില്ല إِلَّا الظَّالِمُونَ = അതിക്രമകാരികളല്ലാതെ

സൂക്താരംഭത്തിലെ بَلْ (പക്ഷേ, അല്ല) ശബ്ദം മുൻസൂക്തം പരാമർശിച്ച مبطل-കൾ ഉയർത്തുന്ന ആശയക്കുഴപ്പങ്ങളിൽ കഴമ്പില്ല എന്ന ആശയത്തെ പ്രതിനിധീകരിക്കുന്നു. هُوَ 'അത്', ആവാം. 'അവനു'മാകാം. രണ്ടു വിധത്തിലും സൂക്തം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. الَّذِينَ أُوتُوا الْعِلْمَ ഭാഷാർഥത്തിൽ ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരാണ്. എല്ലാ വിജ്ഞന്മാരെയും അതുൾക്കൊള്ളുന്നു. എങ്കിലും ഇവിടെ ഉദ്ദേശിക്കുന്നത്, അറിവിനെ മുൻവിധികൾക്കും നിക്ഷിപ്ത താൽപര്യങ്ങൾക്കും അടിമപ്പെടുത്താത്ത നിഷ്കളങ്കരായ ജ്ഞാനികളെയാണ്. അതിൽതന്നെ മുൻനിരയിലുള്ളത് വേദവിദ്വാന്മാരാണ്. നിസ്വാർഥരായ വേദപണ്ഡിതന്മാർ മാത്രമാണ് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. 46-ാം സൂക്തത്തിൽ الا الَّذِينَ ظَلَمُوا എന്നും 47-ാം സൂക്തത്തിൽ الَّذِينَ كَفَرُوا എന്നും പറഞ്ഞവരെ തന്നെയാണ് ഇവിടെ إِلَّا الظَّالِمُونَ എന്നു പറഞ്ഞിരിക്കുന്നത്. സൂക്തത്തിന്റെ താൽപര്യമിതാണ്:

പ്രതിയോഗികൾ പ്രചരിപ്പിക്കുന്നതുപോലെ ഈ ഖുർആൻ മുഹമ്മദ് (സ) സ്വയം എഴുതിയുണ്ടാക്കി ദിവ്യവചനങ്ങളെന്നു പറഞ്ഞ് വായിച്ചു കേൾപ്പിക്കുന്നതല്ല. അദ്ദേഹം എഴുതി വായിക്കുന്നു എന്നു പറയുന്നത് നാവില്ലാത്തവൻ പ്രഭാഷണം ചെയ്യുന്നു എന്നു പറയുന്നതുപോലെ ഭോഷ്ക്കാണ്. അറിവിനെ മുൻവിധികൾക്ക് വിധേയമാക്കാത്ത നിഷ്കളങ്കരായ ജ്ഞാനികളുടെ, വിശേഷിച്ചും വേദജ്ഞാനികളുടെ മനസ്സിൽ നിസ്സന്ദേഹവും സുവ്യക്തവുമായ വേദസൂക്തങ്ങളായിത്തന്നെ ഇത് പതിയുന്നുണ്ട്. അതിലെ ഓരോ സന്ദേശവും സ്വന്തം മനസ്സാക്ഷിയുടെ സന്ദേശമായി അവർ മനസ്സിലാക്കുന്നു. തങ്ങളുടെ പ്രവാചകന്മാരാൽ വാഗ്ദത്തം ചെയ്യപ്പെട്ടതും പ്രതീക്ഷിച്ചുകൊണ്ടിരുന്നതുമാണത്. ദീർഘകാലമായി കണ്ടുകൊണ്ടിരിക്കുന്ന അമൂല്യ സ്വപ്നം സഫലമായതുപോലെ അവരതിനെ സ്വാഗതം ചെയ്യുന്നു. നിഷ്കളങ്കമായ സത്യബോധമുള്ള വേദവിശ്വാസികൾ അന്ത്യപ്രവാചകന്റെ ആഗമനം സോത്സാഹം പ്രതീക്ഷിക്കുന്നതായും അദ്ദേഹത്തെ ഊഷ്മളമായ വികാരത്തോടെ സ്വാഗതം ചെയ്യുന്നതായും ഖുർആൻ മറ്റു പല സന്ദർഭങ്ങളിലും വ്യക്തമാക്കിയിരിക്കുന്നു. هُوَ സൂചിപ്പിക്കുന്നത് മുഹമ്മദ് നബിയെയാണ് എന്ന് അഭിപ്രായപ്പെടുന്നവർ آيَاتٌ بَيِّنَاتٌ സുവ്യക്തമായ ദൃഷ്ടാന്തങ്ങൾ എന്നാണ് അർഥം കൽപിക്കുന്നത്. അതായത് മുഹമ്മദ് (സ) താൻ പ്രവാചകനാണെന്ന് വിളിച്ചോതുന്ന പല ദൃഷ്ടാന്തങ്ങളുടെ സമുച്ചയമാകുന്നു. അദ്ദേഹത്തിന്റെ ജീവിത സാഹചര്യം, സ്വഭാവ വൈശിഷ്ട്യം, നിരക്ഷരത, സർവോപരി ഖുർആൻ എല്ലാം അദ്ദേഹം ദൈവത്താൽ നിയുക്തനായ ദൂതനാണെന്ന് തെളിയിക്കുന്ന ദൃഷ്ടാന്തങ്ങളാണ്. പൂർവവേദങ്ങളുടെയും പ്രവാചകന്മാരുടെയും പ്രവചനങ്ങളെ നിസ്വാർഥമായും നിഷ്കളങ്കമായും ഉൾക്കൊണ്ട വേദജ്ഞർക്ക് അക്കാര്യം ബോധ്യപ്പെടുന്നതാണ്. തങ്ങളോടുതന്നെ അതിക്രമം ചെയ്യുന്നവർക്കേ ഈ ദൈവിക സൂക്തങ്ങളെ, അല്ലെങ്കിൽ മുഹമ്മദീയ ദൃഷ്ടാന്തങ്ങളെ മനപ്പൂർവം നിഷേധിക്കാൻ കഴിയൂ.

യഹൂദ പണ്ഡിതനായ അബ്ദുല്ലാഹിബ്നു സലാമിന്റെ ഇസ്ലാം സ്വീകരണവുമായി ബന്ധപ്പെട്ട് ബുഖാരിയും ബൈഹഖിയും ഉദ്ധരിക്കുന്ന സംഭവം നിഷ്കളങ്ക വേദപണ്ഡിതന്മാരുടെയും അതിക്രമികളുടെയും സമീപനം തുറന്നുകാണിക്കുന്ന ഉദാഹരണമാണ്. ഇബ്നു സലാം നബി(സ)യെ സമീപിച്ചിട്ട് ബോധിപ്പിച്ചു: ''തിരുദൂതരേ, ജൂത ജനം കുതർക്കികളും അപവാദക്കാരുമാണ്. ഞാൻ മുസ്ലിമായത് പരസ്യപ്പെടുത്തിയാൽ അവരെന്നെ ശകാരിക്കുകയും ദ്രോഹിക്കുകയും ചെയ്യും. എന്നിൽ അനാശാസ്യം ആരോപിക്കും. അതിനാൽ തിരുദൂതർ ഒരു കാര്യം ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർ അങ്ങയുടെ അടുത്തുവരികയാണെങ്കിൽ എന്നെക്കുറിച്ച് അന്വേഷിക്കണം. അവർ ഇതുവരെ പറഞ്ഞുവന്നതുതന്നെയാണ് പറയുന്നതെങ്കിൽ ഞാൻ എന്റെ ഇസ്ലാം പരസ്യപ്പെടുത്താം.'' പിന്നെ ഒരു സംഘം യഹൂദർ പ്രവാചകന്റെ അടുത്തു വന്നപ്പോൾ അദ്ദേഹം അവരോട് ചോദിച്ചു: ''അബ്ദുല്ലാഹിബ്നു സലാമിനെ കുറിച്ച് നിങ്ങളെന്തു പറയുന്നു?'' അവർ പറഞ്ഞു തുടങ്ങി: ''അദ്ദേഹം ഞങ്ങളുടെ ആചാര്യനാണ്, പണ്ഡിതനാണ്, നേതാവുമാണ്...'' അതു കേട്ട ഇബ്നു സലാം പറഞ്ഞു: ''അവർ ഇതുവരെ പറഞ്ഞതുതന്നെ പറഞ്ഞുവല്ലോ തിരുദൂഹരേ. അതിനാൽ അല്ലാഹുവല്ലാതെ ദൈവമേതുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാനിതാ സത്യസാക്ഷ്യം പറയുന്നു.'' ഇതു കേൾക്കേണ്ട താമസം, അതേ സംഘം പറയുകയായി; അല്ല, നീ ഞങ്ങളിലെ ദുഷ്ടനും ദുഷ്ടന്റെ പുത്രനുമാണ്. അവരദ്ദേഹത്തെ ദ്രോഹിക്കുകയും ചെയ്തു. ഇബ്നു സലാം പ്രതികരിച്ചു: ''ഞാൻ പറഞ്ഞില്ലേ തിരുദൂതരേ, ഈ ജനം കുതർക്കികളും അപവാദപ്രിയരുമാണെന്ന്?'' ●